ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1) 78-ാം സ്വാതന്ത്ര്യദിനത്തിൽ ആശംസകൾ നേർന്ന രാഷ്ട്രത്തലവൻമാർക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

**As India celebrated its 78th Independence Day yesterday, leaders from across the globe wished India on the occasion; Prime Minister Narendra Modi thanked them for their wishes**

2) ഐഎസ്ആർഒ യുടെ ഏറ്റവും പുതിയ ഭൗമ നിരീക്ഷണ ഉപഗ്രഹം ഇ.ഒ.എസ്- 8 വിക്ഷേപണം ഇന്ന്.

**Indian Space Research Organisation (ISRO) will launch an earth observation satellite EOS-08 onboard its Small Satellite Launch Vehicle (SSLV) this morning.**

3) മൂന്നാമത് വോയിസ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയ്ക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കും.

**India will host the 3rd Voice of Global South Summit tomorrow.**

4) സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് പ്രഖ്യാപിക്കും. ദേശീയ പുരസ്കാര പ്രഖ്യാപനവും ഇന്ന്.

**State film awards will be announced today. 70th National Film Award announcement today.**

5) പശ്ചിമബംഗാളിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം ആശുപത്രിയിൽ ഉണ്ടായ ആക്രമണത്തിൽ പോലീസ് 9 പേരെ അറസ്റ്റ് ചെയ്തു.

**West Bengal Police arrest nine people in connection with last night's vandalism at a Medical College and Hospital in Kolkata.**

6) കേരളത്തിൽ മഴ കനക്കും. പത്തനംതിട്ടയിലും ഇടുക്കിയിലും ഇന്ന് അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത.

**Widespread rain expected in Kerala, Orange alert in Pathanamthitta and Idukki today.**

************************************

## PREZ – AT HOME

78-ാമത് സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇന്നലെ വൈകിട്ട് രാഷ്ട്രപതി ഭവനിൽ പ്രസിഡന്റ് ദ്രൗപദി മുർമു അറ്റ് ഹോം വിരുന്നൊരുക്കി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ലോക്സഭാ സ്പീക്കർ ഓം ബിർള, ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് തുടങ്ങിയവർ പങ്കെടുത്തു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, ജെ പി നദ്ദ, ഡോ എസ് ജയശങ്കർ, അശ്വിനി വൈഷ്ണവ്, പീയൂഷ് ഗോയൽ, ശിവരാജ് സിംഗ് ചൗഹാൻ എന്നിവരും മറ്റ് പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

************************************

## I DAY – WORLD LEADERS

78-ാം സ്വാതന്ത്ര്യദിനത്തിൽ ആശംസകൾ നേർന്ന ലോകരാഷ്ട്രത്തലവന്മാർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി അറിയിച്ചു. ആഗോള നന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കാമെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ അയച്ച ആശംസയ്ക്ക് പ്രധാനമന്ത്രി മറുപടി നൽകി. ഇന്ത്യയുമായുള്ള പങ്കാളിത്തത്തിന് വലിയ പ്രാധാന്യം നൽകുന്നുവെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ആശംസാസന്ദേശത്തിൽ കുറിച്ചു. ഇന്ത്യയും ഇറ്റലിയും ദൃഢമായ ബന്ധമാണ് പങ്കിടുന്നതെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി ആശംസാസന്ദേശത്തിൽ കുറിച്ചു.. കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയും ഇന്ത്യയ്ക്ക് ആശംസ നേർന്നു. ഇരുരാജ്യവും ബന്ധം ശക്തിപ്പെടുത്തുമെന്ന് ഇറാന്റെ വിദേശകാര്യ മന്ത്രാലയം

സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. യുഎഇ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഇന്ത്യയ്ക്ക് ആശംസനേർന്നു. ഇരു രാജ്യവും ബന്ധം ഊട്ടി ഉറപ്പിക്കുമെന്ന് പ്രധാനമന്ത്രി മോദി മറുപടി സന്ദേശത്തിൽ കുറിച്ചു. ആശംസകൾ അറിയിച്ച മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയിസു, നേപ്പാൾ പ്രധാനമന്ത്രി കെ പി ശർമ ഒലി, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് ടോബ്ഗേ, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, ഗയാന പ്രസിഡന്റ് ഇർഫാൻ അലി തുടങ്ങിയവർക്കും പ്രധാനമന്ത്രി നന്ദി അറിയിച്ചു.

***********************************

## ISRO – SATELLITE LAUNCH (INTRO)

ഐഎസ്ആർഒ വികസിപ്പിച്ച ഏറ്റവും പുതിയ ഭൗമ നിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ്-08 ഇന്ന് രാവിലെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് രാവിലെ 9.17 നാണ് വിക്ഷേപണം. വിശദാംശങ്ങളിലേക്ക്.............

(വോയിസ്)

## ISRO – SATELLITE LAUNCH (VOICE)

ഇ.ഒ.എസ് -08 വിക്ഷേപണത്തിനായുള്ള ആറര മണിക്കൂർ ദൈർഘ്യമുള്ള കൗണ്ട്ഡൗൺ ഇന്ന് പുലർച്ചെ 2:47 ന് ആരംഭിച്ചു. ചെറു ഉപഗ്രങ്ങൾ താഴ്ന്ന ഭ്രമണപഥങ്ങളിൽ ചെലവ് കുറഞ്ഞരീതിയിൽ വിക്ഷേപിക്കാനായി ഐ.എസ്ആർ.ഒ സജ്ജമാക്കിയ സ്മാൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ അഥവാ എസ്എസ്എൽവി എന്ന റോക്കറ്റാണ് ഉപഗ്രഹം വിക്ഷേപിക്കുന്നത്. എസ്എസ്എൽവി റോക്കറ്റ് പൂർണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് മുന്നോടിയായുള്ള മൂന്ന് പരീക്ഷണ ദൗത്യങ്ങളിൽ അവസാനത്തേതാണ് ഇന്നത്തെ വിക്ഷേപണം. എസ്എസ്എൽവി റോക്കറ്റിന് 34 മീറ്റർ ആണ് ഉയരം. സാധാരണ

പിഎസ്എൽവി റോക്കറ്റുകൾക്ക് 44 മീറ്റർ ഉയരമുണ്ട്. ഇന്ന് വിക്ഷേപിക്കുന്ന ഇഒഎസ് -08 എന്ന് ചെറു ഉപഗ്രഹത്തിന് 175.5 കിലോയാണ് ഭാരം. കുറഞ്ഞ നിരക്കിലും കുറഞ്ഞ സമയത്തിലും ചെറു ഉപഗ്രങ്ങളെ ഭ്രമണപഥത്തിൽ എത്തിക്കാനാകുമെന്നതാണ് എസ്എസ്എൽവിയുടെ പ്രത്യേകത. പിഎസ്എൽവി ദൗത്യങ്ങൾക്ക് വരുന്നതിനേക്കാൾ 20 മുതൽ 30 ശതമാനം വരെ ചെലവ് കുറവിൽ എസ്എസ്എൽവി ദൗത്യം പൂർത്തിയാക്കാം.

ന്യൂസ് ഡെസ്ക് ആകാശവാണി.....

**************************************

## RAM NARAIN AGARWAL - DEATH

പ്രശസ്ത ബഹിരാകാശ ശാസ്ത്രജ്ഞൻ രാം നരേൻ അഗർവാൾ അന്തരിച്ചു. ഇന്ത്യയുടെ ദീർഘദൂര മിസൈലായ അഗ്നി വികസിപ്പിക്കുന്നതിൽ നേതൃത്വം വഹിച്ച വ്യക്തിയായിരുന്നു അദ്ദേഹമെന്ന് ഡിആർഡിഒ അനുസ്മരിച്ചു. രാജ്യം പത്മശ്രീയും പത്മഭൂഷണും നൽകി ആദരിച്ചിട്ടുണ്ട്.

**************************************

## MEA - GLOBAL SOUTH

മൂന്നാമത് വോയിസ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കും. **'സുസ്ഥിരമായ ഭാവിക്കായി ശാക്തീകരിക്കപ്പെട്ട ആഗോള ദക്ഷിണ മേഖല'** എന്നതാണ് ഉച്ചകോടിയുടെ പ്രമേയം. ഭക്ഷ്യ-ഊർജ്ജ സുരക്ഷാ പ്രതിസന്ധികൾ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ സങ്കീർണ്ണമായ വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾ നാളെ ആരംഭിക്കുന്ന ഉച്ചകോടിയിൽ ഉണ്ടാകുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

**********************************

## KOLLAM –SC

കൊല്ലത്ത് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് സ് ആക്ടിന് കീഴിലുള്ള കേസുകൾ പരിഗണിക്കുന്നതിനുള്ള പ്രത്യേക ഡിജിറ്റൽ കോടതി ഇന്ന് വൈകിട്ട് ഹൈക്കോടതിയിൽ നടക്കുന്ന ചടങ്ങിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി. വൈ ചന്ദ്രചൂഡ് ഉദ്ഘാടനം ചെയ്യും. രാജ്യത്ത് ആദ്യമായാണ് ഇത്തരം ഒരു സംവിധാനം ഒരുക്കുന്നത്. ഓൺലൈനിലൂടെ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരുക്കിയിട്ടുള്ള We Solv Virtual Solution Maker എന്ന സംവിധാനവും സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഉദ്ഘാടനം ചെയ്യും. ഹൈക്കോടതി വിഭാവനം ചെയ്ത മാതൃക ഡിജിറ്റൽ കോടതിയുടെ പ്രഖ്യാപനവും നിർവഹിക്കും.

**********************************

## ATAL – DEATH ANNIVERSARY

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ആറാം ചരമവാർഷിക ദിനമായ ഇന്ന് രാജ്യം അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ന്യൂഡൽഹിയിലെ സദൈവ് അടലിൽ വാജ്പേയിയുടെ സമാധിയിൽ പ്രാർത്ഥനാ യോഗം സംഘടിപ്പിച്ചിട്ടുണ്ട്.

**********************************

## IMA-EMERGENCY SERVICES

കൊൽക്കത്തയിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ രാജ്യവ്യാപകമായി നാളെ രാവിലെ 6 മുതൽ 24 മണിക്കൂർ സമരം പ്രഖ്യാപിച്ചു. അവശ്യ സേവനങ്ങൾ

തടസ്സപ്പെടില്ലെന്നും അത്യാഹിതവിഭാഗം പ്രവർത്തിക്കുമെന്നും ഐ എം എ പ്രസ്താവനയിൽ പറഞ്ഞു.

***********************************

## KERALA DOCTORS STRIKE

കൊൽക്കത്തയിൽ വനിത ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് കേര ളത്തിലെ ഡോക്ടർമാർ ഇന്ന് സംസ്ഥാന വ്യാപകമായി സമരം നടത്തും. പി ജി ഡോക്ടർമാരും സീനിയർ റെസിഡൻറ് ഡോക്ടർമാരും ഒ പി ഡ്യൂട്ടിയും വാർഡ് ഡ്യൂട്ടിയും ബഹിഷ്കരിക്കുമെന്ന് കെ ജി എം ഒ എ അറിയിച്ചു. അത്യാഹിത വിഭാഗങ്ങളിൽ സേവനം ഉണ്ടാകും.

***********************************

## WB-PROTEST

പശ്ചിമബംഗാളിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം ആശുപത്രിയിൽ ഉണ്ടായ ആക്രമണത്തിൽ പോലീസ് 9 പേരെ അറസ്റ്റ് ചെയ്തു. ബലാത്സംഗ കേസിൽ അന്വേഷണം നടത്തുന്ന സിബിഐ സംഘം ആർ ജി കർ മെഡിക്കൽ കോളേജിലെത്തി. വനിതാ ഡോക്ടറുടെ മാതാപിതാക്കളെയും സംഘം സന്ദർശിച്ചു.

***********************************

## IMD-RAIN WARNING

ഡൽഹി, കേരളം, ഒഡീഷ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ വരുംദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ്നാട്, പുതുച്ചേരി, തീരദേശ

ആന്ധ്രാപ്രദേശ്, തെലങ്കാന, പശ്ചിമ ബംഗാൾ മേഖലകളിലും നാളെ വരെ കനത്ത മഴയ്ക്ക് സാധ്യതയുണ്ട്.

***********************************

## RAIN-KERALAM

കേരളത്തിൽ അഞ്ചുദിവസം കൂടി ഇടിയോടുകൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയുണ്ടാകും. ഈ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചത്. ഈ മാസം 19 വരെ കേരള-ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്കേർപ്പെടുത്തി. തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

***********************************

## FILM AWARD

2023 ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് പ്രഖ്യാപിക്കും. തിരുവനന്തപുരത്ത് ഉച്ചയ്ക്ക് 12 മണിക്ക് മന്ത്രി സജി ചെറിയാനാണ് അവാർഡുകൾ പ്രഖ്യാപിക്കുക. 70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര പ്രഖ്യാപനവും ഇന്ന് ഉണ്ടാകും.

***********************************

## UN HUMAN RIGHTS - GAZA

ഇസ്രായേൽ- ഹമാസ് ആക്രമണ പരമ്പരകളിൽ ഫലസ്തീനിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 40,000 കടന്നു. ഗാസ മുനമ്പിൽ

അടിയന്തര വെടിനിർത്തൽ വേണമെന്ന് യു.എൻ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടു. മരിച്ചവരിൽ അധികവും സ്ത്രീകളും കുട്ടികളുമാണെന്നും കഴിഞ്ഞ 10 മാസത്തിനിടെ ഗാസ മുനമ്പിൽ ദിനംപ്രതി 130 ഓളം പേരാണ് കൊല്ലപ്പെട്ടതെന്നും യു.എൻ മനുഷ്യാവകാശ കമ്മീഷണർ വോൾക്കർ ടർക്ക് പറഞ്ഞു.

************************************

## SWEDEN-MPOX

ആഫ്രിക്കൻ രാജ്യങ്ങളിൽ പടരുന്ന എംപോക്സ് അണുബാധ സ്വീഡനിൽ ഇന്നലെ റിപ്പോർട്ട് ചെയ്തു. ആഗോള പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി എംപോക്സ് രോഗത്തെ ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ആദ്യത്തെ പോക്സ് കേസ് സ്വീഡനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആഫ്രിക്കൻ ഭൂഖണ്ഡത്തിന് പുറത്ത് കൂടുതൽ പകർച്ചവ്യാധി റിപ്പോർട്ട് ചെയ്യുന്ന ആദ്യത്തെ രാജ്യമായി സ്വീഡൻ മാറി.

************************************

## UKRAINE RUSSIA

പടിഞ്ഞാറൻ റഷ്യയിലെ കുർസ്ക് മേഖലയിലെ 82 ജനവാസ കേന്ദ്രങ്ങൾ തങ്ങളുടെ നിയന്ത്രണത്തിലെന്ന് യുക്രെൻ. മേഖലയിലെ 1,150 ചതുരശ്ര കിലോമീറ്ററിലധികം പ്രദേശമാണ് നിയന്ത്രണത്തിലുള്ളതെന്ന് യുക്രേനിയൻ സായുധ സേനാ മേധാവി ഒലെക്സാണ്ടർ സിർസ്കി അവകാശപ്പെട്ടു.

************************************

## VP VISIT

രണ്ടു ദിവസത്തെ തെലങ്കാന - ആന്ധ്രാപ്രദേശ് സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് തെലങ്കാനയിലെത്തും. ആദ്യ ദിവസം തെലങ്കാനയിലെ

ഹൈദരാബാദ് കൻഹ ശാന്തി വനം ഉപരാഷ്ട്രപതി സന്ദർശിക്കും. ആന്ധ്രാപ്രദേശിലെ നെല്ലൂരിലുള്ള അക്ഷര വിദ്യാലയ കാമ്പസും സന്ദർശിക്കും.

*********************************

## JAISHANKAR-KUWAIT

വിദേശകാര്യ മന്ത്രി ഡോ എസ് ജയ്ശങ്കർ ഞായറാഴ്ച കുവൈത്ത് സന്ദർശിക്കും. സന്ദർശന വേളയിൽ കുവൈത്ത് വിദേശകാര്യമന്ത്രി അബ്ദുല്ല അലി അൽ-യഹ്യയുമായും മറ്റു ഭരണാധികാരികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

*********************************

## WAYANAD SEARCH

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് നിലമ്പൂർ മേഖലയിൽ നടത്തുന്ന തെരച്ചിൽ തുടരുമെന്ന് മന്ത്രി കെ.രാജൻ. ദുരന്തത്തിൽ ഉൾപ്പെട്ട 118 പേരെ ഇനിയും കണ്ടെത്താനുണ്ട്. മണ്ണ് അടിഞ്ഞുകിടക്കുന്ന ഭാഗങ്ങൾ കേന്ദ്രീകരിച്ചായിരിക്കും ഇനി തെരച്ചിൽ നടത്തുക.

*********************************

## WAYANAD- COLLECTOR

വയനാട് ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരുടെ താത്ക്കാലിക പുനരധിവാസത്തിന്, വീട് നൽകാൻ സന്നദ്ധരായവർ വിവരം അറിയിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഉരുൾപൊട്ടലിൽ ബാങ്കുമായി ബന്ധപ്പെട്ട രേഖകൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കാൻ മേപ്പാടി ഗവ ഹയർസെക്കൻഡറി സ്കൂളിൽ

ഇന്ന് അദാലത്ത് സംഘടിപ്പിക്കും.

***********************************

## SABARIMALA

ചിങ്ങമാസ പൂജയ്ക്കായി ഇന്ന് വൈകിട്ട് അഞ്ചിനു ശബരിമല നട തുറക്കും. ഇന്ന് പൂജകൾ ഒന്നും ഉണ്ടായിരിക്കില്ല. ചിങ്ങം ഒന്നിനു രാവിലെ അഞ്ചു മുതൽ 21 ന് രാത്രി 10 നു നടയടയ്ക്കും വരെ വിശേഷാൽ പൂജകൾ ഉൾപ്പെടെ എല്ലാ പൂജകളും നടക്കും.

***************************

************************************************